# അമൃതയിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള മികവിന്റെ കേന്ദ്രം നാടിന് സമർപ്പിച്ചു



അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ കൈമാറ്റ ശസ്ത്രക്രിയക്ക് വിധേയനായ അഫ്ഗാൻ സ്വദേശി അബ്ദുൾ റഹീമിനെ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് മന്ത്രി ഡോ. ഹർഷ്‌വർദ്ധൻ ഹസ്തദാനം ചെയ്യുന്നു. നടൻ മോഹൻലാൽ, അമൃതയിൽ കൈമാറ്റ ശസ്ത്രക്രിയക്ക് വിധേയനായ മനു എന്നിവർ സമീപം

ചിത്രം : ജന്മഭൂമി

കൊച്ചി: അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ 'സെന്റർ ഓഫ് എക്സലൻസ് ഇൻ ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ' കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് മന്ത്രി ഡോ. ഹർഷ്‌വർദ്ധൻ നാടിന് സമർപ്പിച്ചു.

അമൃതയിൽ കൈമാറ്റ ശസ്ത്രക്രിയക്ക് വിധേയനായ മനുവിനു കൈപ്പത്തികൾ ദാനം ചെയ്ത ബിനോയുടെ അച്ഛൻ ഉത്തമൻ, അമ്മ ബേബി, അഫ്ഗാൻ സ്വദേശി അബ്ദുൾ റഹീമിനു കൈപ്പത്തികൾ ദാനം ചെയ്ത ടി.ടി. ജോസഫിന്റെ ഭാര്യ ഫ്രാൻസിസ്ക ജോസഫ്, മകൾ അലീഷ, മസ്തിഷ്ക മരണം സംഭവിച്ച്-എട്ട് അവയവങ്ങൾ ദാനം ചെയ്ത പ്രജീഷിന്റെ കുടുംബാഗങ്ങൾ എന്നിവരെ നടൻ മോഹൻലാൽ ആദരിച്ചു.

സിനിമാ നടനായിട്ടല്ല അമൃതയിൽ എത്തിയതെന്നും അമ്മയോടും ആശ്രമത്തോടുമുള്ള ബന്ധം പറഞ്ഞറിയിക്കാൻ കഴിയാത്തതാണെന്നും മോഹൻലാൽ പറഞ്ഞു. കൈപ്പത്തി ദാനം ചെയ്ത പുണ്യാത്മാക്കൾ ലോകത്തിനു പ്രിയപ്പെട്ടവരായി.

ഇത്തരം പ്രവൃത്തികൾ പ്രോത്സാഹിപ്പിക്കണം, മൂന്ന് വർഷം മുമ്പ് അമൃതയിൽ നടന്ന പരിപാടിയിൽ മരണാനന്തരം അവയവങ്ങൾ ദാനം ചെയ്യുമെന്ന് താൻ പ്രഖ്യാപിച്ചത് മോഹൻലാൽ സദസ്സിനെ ഓർമ്മിപ്പിച്ചു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി വീഡിയോ കോൺഫറൻസ് വഴി സന്ദേശം നൽകി. മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദ പുരി അനുഗ്രഹപ്രഭാഷണം നടത്തി. വെബ് പേജിന്റെ ഉദ്ഘാടനം ഡോ. നോബിൾ ഗ്രേഷ്യസ് നിർവ്വഹിച്ചു. മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ, അമൃത സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ ഡോ. പ്രതാപൻ നായർ, മെഡിക്കൽ സൂപ്രണ്ട് ഡോ. സഞ്ജീവ് കെ. സിങ്, പ്ലാസ്റ്റിക് സർജറി വിഭാഗം ചെയർമാൻ ഡോ. സുബ്രഹ്മണ്യ അയ്യർ, ലിവർ ട്രാൻസ്പ്ലാന്റ് ചീഫ് സർജൻ ഡോ. സുധീന്ദ്രൻ എസ്. എന്നിവർ സംസാരിച്ചു. 15 വർഷമായി അമൃതയിൽ അവയവമാറ്റശസ്ത്രക്രിയ നടത്തിവരുന്നുണ്ട്.